# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1007 08.01.2014-ൽ മറുപടിയ്ക്ക്**

**പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം**

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

" പി.ഉബൈദുള്ള

" എൻ.എ. നെല്ലിക്കുന്ന്

" വി.എം.ഉമ്മർ മാസ്റ്റർ

**ഉത്തരം**

**ശ്രീ. എ.പി. അനിൽകുമാർ**

**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രീ മെട്രിക് ഹോസ്റ്റലു കളുടെ പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാ ക്കുമോ; | (എ) | പ്രീ മെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട പദ്ധതിയാണ്. ഇവയുടെ നടത്തിപ്പ്, അടിസ്ഥാന സൗകര്യ വികസനം മുതലായ കാര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നാൽ ഫണ്ടിന്റെ അഭാവം കൊണ്ട് നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപ്പിലാ ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ് 1300/-രൂപയിൽ നിന്നും 2,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ് വിഷയങ്ങൾക്ക് ട്യൂഷൻ നൽകി വരുന്നുണ്ട്. ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കമ്പ്യൂട്ടർ സംവിധാനം ഇല്ലാത്ത ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടു ത്തുന്നതിന് നടപടി സ്വീകരി ക്കുന്നതാണ്. |
| (ബി) | ഹോസ്റ്റലുകളുടെ പ്രവർത്തന ത്തെക്കുറിച്ച് പഠിച്ച റൈറ്റ്സ് എന്ന സംഘടനയുടെ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത റിപ്പോ ർട്ടിന്റെ അടിസ്ഥാനത്തിൽ, അടിയന്തിര പുനരുദ്ധാരണ നടപടികൾ ആവശ്യമായ ഹോസ്റ്റലുകളുടെ വിവര ശേഖരണം നടത്തിയി ട്ടുണ്ടോ; പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഹോസ്റ്റലുകളുടെ നിലവാരം വിലയിരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഹോസ്റ്റലുകളുടെ നിലവാരം വിലയിരു ത്തി ആവശ്യകതകൾ നിർവഹിക്കാൻ സർക്കാർ നടപടിയെടുത്തു വരുന്നുണ്ട്. |

Sd/- K.T

**സെക്ഷൻ ആഫീസർ**